**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6522** **11-07-2024 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് നടപടികൾക്കായി പി.ഡബ്ല്യൂഡി. നിരത്തുകൾ വിഭാഗം മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനിയുറുടെ കാര്യാലയത്തിലേക്ക് 1840,010/- രൂപ 11/05/2017 തീയതിയിലെ GO(Rt)No.4032/FIN പ്രകാരം അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തുക ചെക്ക് മുഖേന മഞ്ചേരി നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും തിരൂർ എൽ. എ. സെക്ഷൻ തഹസിൽദാർക്ക് കൈമാറിയെങ്കിലും സ്ഥലമെടുപ്പ് നടപടികൾ 20-12-2016 ന് കാലഹരണപ്പെട്ടു എന്ന കാരണം പറഞ്ഞു സ്പെഷ്യൽ തഹസിൽദാർ, എൽ എ (ജനറൽ) തിരൂറിന്റെ 22/09/2017 ലെ 8-226/2011 കത്ത് പ്രകാരം ചെക്ക് തിരികെ നൽകിയിരുന്നു. പ്രസ്തുത തുക നിലവിൽ നിരത്തുവിഭാഗം, മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (STSB) അക്കൗണ്ടിൽ തന്നെ ഉണ്ട്. മഞ്ചേരി നിരത്തുകൾ വിഭാഗം, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ STSB അക്കൗണ്ടിൽ നിർജ്ജീവമായിക്കിടക്കുന്ന 18.48,010/-രൂപ തന്നെ സ്ഥലമെടുപ്പ് നടപടികൾക്ക് വിനിയോഗിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ച് വരുന്നു. |
| (ബി) | കാര്യാട്ട് കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാര തുക അനുവദിച്ച മാതൃകയിൽ മഞ്ചേരി റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ എസ്.ടി.എസ്.ബി. അക്കൗണ്ടിലുള്ള തുക കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | വകയിൽ നൽകുവാൻ ശിപാർശ ചെയ്ത ചീഫ് എഞ്ചിനീയറുടെ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിലേക്ക് അയച്ച ഫയലിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞു കൊണ്ട് റവന്യൂ വകുപ്പിൽ നിന്നും ഫയൽ ലഭ്യമായിട്ടുണ്ട്. അതിന്മേൽ പൊതുമരാമത്ത് വകുപ്പ് വിശദമായ പരിശോധന നടത്തി വരുന്നു. |
| (ഡി) | പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാര തുക ലഭിക്കാനുള്ളവർ, നൽകാനുള്ള തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഡി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ